യു.സി കോളേജിലെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള പോലീസ് പവലിയൻ ശ്രദ്ധേയമായി. സ്ഫോടക വസ്തുക്കൾ കണ്ടുപിടിയ്ക്കുന്ന ബെൽജിയൻ മാൽനോയ്സ് ഇനത്തിൽപ്പെട്ട അർജുൻ എന്ന പോലീസ് നായ യിരുന്നു ആദ്യ ദിവസം താരമായത്. രണ്ട് വയസുള്ള അർജുനനെ കാണാനും, വിശേഷങ്ങൾ ചോദിച്ചറിയാനും വൻ തിരക്കായിരുന്നു. എ കെ 47, എൽ.എം.ജി, മൾട്ടി ഷെൽ ലോഞ്ചർ, ഘാതക്ക്. പിസ്റ്റൾ തുടങ്ങി പോലീസിലുപയോഗിക്കുന്ന പതിനേഴ് തോക്കുകളാണ് ആയുധങ്ങളുടെ സ്റ്റാളിൽ പ്രദർശിപ്പിച്ചിട്ടുള്ളത്.